**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762</u>** **<u>13-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ‘ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ’ എന്ന പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാ മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലും 1 മുനിസിപ്പാലിറ്റിയിലുമായി ഇന്റേൺ തസ്തികയിൽ 10 പേരെ 2022 ഏപ്രിൽ മാസം മുതൽ നിയമിക്കുകയും പുതിയതായി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വേണ മാർഗനിർദേശങ്ങളും സഹായങ്ങളും നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ ഹെൽപ് ഡെസ്കുകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ 8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനറൽ ഓറിയെന്റേഷൻ ട്രെയിനിങ് പ്രോഗ്രാമുകൾ ലോൺ, ലൈസൻസ്, സബ്സിഡി മേളകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. 2022-23 വർഷം മണ്ഡലത്തിൽ 1226 പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആണ് ലക്ഷ്യമിട്ടുന്നത്. ഇതുവരെ 52.07 കോടി രൂപ ആകെ നിക്ഷേപമുള്ള 719 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ വഴി മണ്ഡലത്തിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2022-23 വർഷം 3680 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആണ് നടത്തുന്നത്. നിലവിൽ 719 സംരംഭങ്ങൾ ആരംഭിച്ചത് പ്രകാരം ഇതിനോടകം 1543 എണ്ണം തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ